പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1452 02.07. 2015- ലെ മറുപടി

## ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവരുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)സ്വദേശവൽക്കരണവും ആഭ്യന്തര കലാപവും കാരണം ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വന്നവരുടെ പുനരധിവാസത്തിന് 'നോർക്ക' വഴി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; | എ) മടങ്ങി വരുന്ന പ്രവാസികളെ പുന:രധിവസിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധനചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാല് വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. ഇതിന് പുറമെ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽ നിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈ എടുത്ത് എൻ.എം.സി ഗ്രൂപ്പിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ അഹല്ല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറായി വരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ബാങ്കുകൾ വഴി ധനസഹായം ലഭ്യമാക്കുന്നതിൽ നിലവിലുള്ള നിബന്ധനകൾ എന്തൊക്കെ ; വ്യക്തമാക്കുമോ ; | ബി). മടങ്ങി വരുന്ന പ്രവാസികളെ പുന:രധിവസിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ |

പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശനിരക്കിൽ നിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവു നൽകുവാൻ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.

സി) 'നോർക്ക' വഴി ഈ നിബന്ധനകൾ ലഘൂകരിക്കുന്നതിന് മുൻകൈയെടുക്കുമോ ?

സി) റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പരമാവധി ഇളവ് നൽകിയാണ് ബാങ്കുകൾ പലിശനിരക്ക് നിശ്ചയിക്കുന്നത്. എന്നാൽ വായ്പാഭാരം ലഘൂകരിക്കാനായി 15% മൂലധന സബ്സിഡിയും ബാങ്ക് നിശ്ചയിച്ചിരിക്കുന്ന പലിശ നിരക്കിൽ നിന്നും ആദ്യത്തെ നാല് വർഷം 3% പലിശ ഇളവും സർക്കാർ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ